ദി കേരളാ സിറാമിക്സ് ലിമിറ്റഡ്
പി.ബി.നംപർ-2, കുണ്ടറ പി.ഓ, കൊല്ലം
ഫോൺ 0474-2522248,2526158, ഫാക്സ് 0474-2522344

റ്റി.ഡി.നം.37/പി.ആന്റ്.എസ്സ്./979-C/ /09-10 27 ജനുവരി 2010

റീ-ടെണ്ടർ നോട്ടീസ്

കേരളാ സിറാമിക്സിന്റെ ക്ളെയ്സ് ആന്റ് മിനറൽസ് ഡിവിഷനിലെ ബയോമാസ് ഹോട്ട് എയർ ജനറേറ്ററിന്റെ ഉപയോഗത്തിനായി 2500 ടൺ ഉമി കമ്പനിയിൽ എത്തിച്ച് അൺലോഡ് ചെയ്ത് തരുന്നതിന് മുദ്ര വച്ച ടെണ്ടറുകൾ 2500 രൂപ നിരതദ്രവ്യം കമ്പനിയിൽ അടച്ച രസീതുസഹിതം 08.02.2010 പകൽ 3 മണിക്ക് മുമ്പായി ക്ഷണിച്ചു കൊള്ളുന്നു. ടെണ്ടറുകൾ അന്നേ ദിവസം 3.30-ന് തുറന്നു പരിശോധിക്കുന്നതാണ്. ടെണ്ടറുകൾ ഭാഗികമായോ, മൊത്തമായോ സ്വീകരിക്കുന്നതിനും, നിരാകരിക്കുന്നതിനുമുള്ള അധികാരം മാനേജുമെന്റിൽ നിക്ഷിപ്തമാണ്. ടെണ്ടർ ഫോമുകൾ ഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നു.

ഡെപ്യൂട്ടി മാനേജർ (പർച്ചേയ്സ്)

www.keralaceramics.com

ദി കേരളാ സിറാമിക്സ് ലിമിറ്റഡ്
പി.ബി.നംപർ-2, കുണ്ടറ പി.ഓ, കൊല്ലം
ഫോൺ 0474-2522248,2526158, ഫാക്സ് 0474-2522344

റ്റി.ഡി.നം.37/പി.ആന്റ്.എസ്സ്./979-C/ /09-10 27 January 2010

ടെണ്ടർ ഫോറം

ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി - 08.02.2010 പകൽ 3 മണി
ടെണ്ടർ തുറക്കുന്ന സമയം - 08.02.2010 പകൽ 3.30 മണിക്ക്
നിരതദ്രവ്യം - 2500 രൂപ

കേരളാ സിറാമിക്സിന്റെ ക്ളെയ്സ് ആന്റ് മിനറൽസ് ഡിവിഷനിലെ ബയോമാസ് ഹോട്ട് എയർ ജനറേറ്ററിന്റെ ഉപയോഗത്തിനായി 2500 ടൺ ഉമി കമ്പനിയിൽ എത്തിച്ച് അൺലോഡ് ചെയ്ത് തരുന്നതിന് മുദ്ര വച്ച ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു ടെണ്ടറുകൾ ഭാഗികമായോ, മൊത്തമായോ സ്വീകരിക്കുന്നതിനും, നിരാകരിക്കുന്ന തിനുമുള്ള അധികാരം മാനേജുമെന്റിൽ നിക്ഷിപ്തമാണ്.

---

ഉമി ടണ്ണിന് .......................... രൂപ

---

വ്യവസ്ഥകൾ

1) കോൺട്രാക്ടർ സ്വന്തം ചിലവിൽ ഉമി കമ്പനിയിൽ എത്തിച്ച് തരേണ്ടതാണ്.

2) ഒരു മാസം ഏകദേശം 400-450 മെട്രിക് ടൺ എന്ന അളവിൽ കുറയാതെ കമ്പനി ആവശ്യപ്പെടുന്ന സമയത്ത് ഉമി എത്തിച്ചുതരേണ്ടതാണ്.

3) ഉമി കമ്പനിയിൽ കൊണ്ടുവരുമ്പോഴും, അൺലോഡ് ചെയ്യുമ്പോഴും കമ്പനി വക വസ്തുവകകൾക്കോ സാധനസാമഗ്രികൾക്കോ യാതൊരു കേടുപാടും സംഭവിക്കാൻ പാടില്ലാത്തതും, കമ്പനിയുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന തരത്തിലുള്ള നടപടികൾക്ക് കോൺട്രാക്ടറോ, കോൺട്രാക്ടറുടെ ജീവനക്കാരോ ഏർപ്പെടുവാൻ പാടുള്ളതല്ല.

4) ഉമി കൊണ്ടുവന്ന് തൂക്കം എടുത്തശേഷം അൺലോഡ് ചെയ്തിട്ട് വീണ്ടും തൂക്കമെടുക്കുകയും അത് വർക്സ് മാനേജരെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

5) കോൺട്രാക്ടർ ബില്ല് സമർപ്പിക്കുമ്പോൾ തൂക്കച്ചീട്ട് കൂടി ഉൾപ്പെടുത്തേണ്ടതാണ്.

6) കോൺട്രാക്ടർക്കോ, കോൺട്രാക്ടറുടെ ജീവനക്കാർക്കോ ഈ കരാർ കാലാവധിക്കകമോ അതിനു ശേഷമോ ജോലി നൽകാൻ കമ്പനിക്ക് യാതൊരു ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല.

7) കമ്പനിക്കകത്തുവച്ച് കോൺട്രാക്ടർക്കോ, കോൺട്രാക്ടറുടെ ജീവനക്കാർക്കോ ഏതെങ്കിലും അത്യാഹിതം സംഭവിച്ചാൽ അതിന് കമ്പനി ഉത്തരവാദിയായിരിക്കുന്നതല്ല.

8) കോൺട്രാക്ടറുടെ കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കോൺട്രാക്ടർനൽകേണ്ടതും കമ്പനിക്ക് അതിൽ യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

9) കോൺട്രാക്ടിനെ സംബന്ധിച്ച് വരുന്ന തർക്കങ്ങൾ മാനേജിംഗ് ഡയറക്ടറുടെ അന്തിമ തീരുമാനത്തിന് വിധേയമാണ്.

10) ആവശ്യമെന്നുകണ്ടാൽ ഒരു മാസത്തെ നോട്ടീസ് നൽകി ഈ കരാർ റദ്ദാക്കാനുള്ള അവകാശം കമ്പനിക്ക് ഉണ്ടായിരിക്കുന്നതാണ്.

www.keralaceramics.com

11) കൊണ്ടുവരുന്ന ഉമി ബയോമാസ് ഹോട്ട് എയർ ജനറേറ്ററിന്റെ ഉപയോഗത്തിന് അനുയോജ്യമായ ഉണങ്ങിയ പോള ഉമി ആയിരിക്കേണ്ടതാണ്.

12) ടെണ്ടറുകൾ എല്ലാ ചിലവുകളും ഉൾപ്പെടെയുള്ള മെട്രിക് ടണ്ണിനുള്ള നിരക്കായിരിക്കണം. നിരക്കുകൾക്ക് ഏറ്റവും കുറഞ്ഞത് 6–മാസത്തെ പ്രാബല്യം ഉണ്ടായിരിക്കണം.

13) ബാധകമായ എല്ലാ നികുതികളും കോൺട്രാക്ടറുടെ ബിൽ തുകയിൽ നിന്നും നിയമാനുസ്രുതം കുറവുചെയ്യുന്നതാണ്.

14) നിരതദ്രവ്യം പണമായോ ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ അടയ്ക്കാവുന്നതാണ്.

15) എന്തെങ്കിലും കാരണവശാൽ ഉമി വാങ്ങാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായാൽ, കമ്പനി യാതൊരു വിധ നഷ്ടപരിഹാരവും നൽകുന്നതല്ല.

ഡെപ്യൂട്ടി മാനേജർ (പർച്ചേയ്സ്)

www.keralaceramics.com

(This tender sent to the following parties)